കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

സേനാപതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-12/346/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/05/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സേനാപതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-ഐ.ഡി.കെ-12/346/2021 തീയ്യതി: 07/05/2021

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബേബി സനൂജ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	22-03-2021	27-03-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-03-2021	27-03-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജിബി ഇ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജപിൻ കെ.എസ്. സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജോസ് തോമസ്	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീ.എം.പി.പോൾ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-08-2019	18-09-2019
ശ്രീ.ജോയി അഗസ്റ്റിൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-09-2019	28-09-2019
ശ്രീ. വിക്ടർ സുരേഷ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	29-09-2019	09-12-2019
ശ്രീ.മനോജ് ബാബു	സെക്രട്ടറി	10-12-2019	31-03-2020
ശ്രീ. ഹാരിസ് ഖാൻ എം	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.പി.പോൾ	അസി.സെക്രട്ടറി	01-04-2019	20-09-2019
ശ്രീ.വിക്ടർ സുരേഷ്	അസി.സെക്രട്ടറി	26-09-2019	31-03-2020
ഡോ.ഗോപിനാഥൻ മോൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2019	31-03-2020
ഡോ.സിംല കെ.എസ്.	മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം	01-04-2019	11-12-2019
ഡോ.കുമാരി അജി	മെഡിക്കൽ ഓഫീസർ, ആയൂർവ്വേദം	12-12-2019	31-03-2020
ഡോ.കെ.പി.നിഷ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2019	31-03-2020
ഡോ.ഗണേശൻ	സീനിയർ വെറ്ററിനറി സർജൻ	01-04-2019	31-03-2020
ശ്രീമതി.സിനി	ഐ.സി.ഡി.എസ്.	01-04-2019	31-03-2020

എൻ.ആർ.	സൂപ്പർവൈസർ		
ശ്രീമതി. ബെറ്റ്സി മെറീന ജോൺ	കൃഷി ഓഫീസർ	01-04-2019	31-03-2020
ശ്രീ.വിപിൻകുമാർ	വി.ഇ.ഒ.	01-04-2019	31-03-2020
ശ്രീമതി.തേൻമൊഴി	എച്ച്.എം.ജി.എൽ.പി.എസ്.	01-04-2019	31-05-2019
ശ്രീ.ബാബു	എച്ച്.എം.ജി.എൽ.പി.എസ്.	01-06-2019	31-03-2020
ശ്രീ.അബ്ദുൾ സമദ് പി.എസ്.	അസിസ്റ്റന്റ് എൻജിനീയർ	01-04-2019	23-07-2019
ശ്രീമതി.അജിത പി.കുമാരൻ	അസിസ്റ്റന്റ് എൻജിനീയർ	24-07-2019	31-03-2020
ശ്രീ. റെജികുമാർ എ സി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	16-09-2019
ശ്രീ. ബിനാഷ് തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	17-09-2019	31-03-2020
ശ്രീ. എം.പി. പോൾ	സെക്രട്ടറി ഇൻ ചാർജ്	21-09-2019	25-09-2019

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: E.V.Gibi (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: E.V.Gibi (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-2
3	സാമ്പത്തിക വിശകലനം Written By: E.V.Gibi (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-3
4	ഫണ്ട് വിനിയോഗം Written By: E.V.Gibi (Asst. Audit Officer, On 24-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-4
5	വാർഷിക പദ്ധതി അവലോകനം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-5
6	തൊഴിലുറപ്പ് പദ്ധതി Written By: Joseph Chacko (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	1-6
7	ക്ഷേമ പെൻഷനുകൾ Written By: Joseph Chacko (Asst. Audit Officer, On 23-03-2021) Last Updated By: M.S.Rajeev (Audit Officer, On 07-05-2021)	1-7
8	ക്യാഷ് പരിശോധന Written By: E.V.Gibi (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-8
9	ആഭ്യന്തര നിയന്ത്രണം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-9
10	വാർഷിക കണക്കുകളുടെ അപാകതകൾ Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10
11	ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം- രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-1
12	രജിസ്റ്റർ പ്രകാരമുള്ള എൻ. ആർ.ഇ.ജി.എസ്.വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-2
13	ജീവനക്കാരുടെ തൊഴിൽ നികുതി തുക - രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-3
14	ലോൺ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-4
15	വാർഷിക കണക്കിലെ വിവിധ ഗ്രാന്റുകളുടെ ചെലവ്	1-10-5

	തുകകൾ ഗ്രാന്റ് പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	
16	വികസനഫണ്ട് – എസ്.സി.പി., വികസനഫണ്ട് – ടിഎസ്.പി., കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് തുകയിൽ വ്യതിയാനം Written By: E.V.Gibi (Asst. Audit Officer, On 27-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-6
17	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 27-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-7
18	സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി. തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 27-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-8
19	ക്ഷേമ പെൻഷൻ- വിതരണം ചെയ്ത തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല Written By: E.V.Gibi (Asst. Audit Officer, On 03-04-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-10-9
20	രസീത് ബുക്ക് പ്രകാരമുള്ള പണം പിരിച്ചതിലെ അപാകതകൾ Written By: Japin.K.S (Senior Grade Auditor, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-11
21	ചെക്ക് /ഡി.ഡി. സമയബന്ധിതമായി പണമാക്കിയിട്ടില്ല Written By: E.V.Gibi (Asst. Audit Officer, On 27-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	1-12
22	റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല Written By: Japin.K.S (Senior Grade Auditor, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 30-04-2021)	1-13
23	കുറഞ്ഞ തുക കാട്ടി ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക കാട്ടി ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ട് നഷ്ടം,₹ 38165/- Written By: Eby Abraham (Senior Grade Auditor, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	1-14
24	ഗ്യാസ് സ്റ്റൗ, ഗ്യാസ് സിലിണ്ടറുകൾ , വിതരണരേഖകളില്ല, തടസ്സം ₹12576/- Written By: Eby Abraham (Senior Grade Auditor, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	1-15
25	മാനദണ്ഡങ്ങൾ പാലിക്കാതെ സ്വകാര്യഭൂമിയിൽ കിണർ കുഴിച്ചു Written By: Benny Mathew (Auditor, On 24-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	1-16
26	ഓവർഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ Written By: Benny Mathew (Auditor, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	1-17
27	പ്രാഥമിക ആരോഗ്യകേന്ദ്രം - മരുന്ന് /ഉപകരണങ്ങൾ ലഭ്യമാകാത്തത് Written By: Joseph Chacko (Asst. Audit Officer, On 23-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	1-18

28	ലൈഫ് ഭവനപദ്ധതി തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തത് Written By: Joseph Chacko (Asst. Audit Officer, On 29-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	1-21
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കുറഞ്ഞ തുക കാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക കാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ട് നഷ്ടം,₹ 38165/- Written By: Eby Abraham (Senior Grade Auditor, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	3-1
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: M.S.Rajeev (Audit Officer, On 07-05-2021)	4-5
6	സ്ഥിരനിക്ഷേപം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 05-05-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: E.V.Gibi (Asst. Audit Officer, On 26-03-2021) Last Updated By: Joseph Chacko (Asst. Audit Officer, On 07-05-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

2019-20-ലെ ബജറ്റ് 8.2.2019-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. 25.2.2020 തീയതിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസാക്കിയ പരിഷ്കരിച്ച ബജറ്റ് പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 17.3.2020 തീയതിയിലെ 12/1 നംമ്പർ തീരുമാനപ്രകാരവും അംഗികരിച്ചു.

ബജറ്റിൽ 9115515/- മുന്നിരിപ്പും 208384506/- വരവും 216115564/- ചെലവും 1384457/- നീക്കിയിരിപ്പും ഉണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ തുകകളുമായി വലിയ അന്തരം കാണുന്നു. പുതുക്കിയ ബജറ്റ് 16.03.2020 തീയതിയിലെ 3(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരമുള്ള തക (₹)	വാർഷിക കണക്കുകൾ പ്രകാരമുള്ള തുക (₹)	വ്യത്യാസം (₹)	വ്യത്യാസം (%)
മുന്നിരിപ്പ്	9115515	4814959	4300556	47%
ഓഡിറ്റ് വർഷത്തെ വരവ്	208384506	77600143	82602716	(-) 52%
ആകെ	217500021	82415102	135084919	(-) 24%
ഓഡിറ്റ് വർഷത്തെ ചെലവ്	216115564	78824971	137290593	(-) 64%
നീക്കിയിരിപ്പ്	1384457	3590131	2571745	159%

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2020	12.06.2020	-	-

1-3 സാമ്പത്തിക വിശകലനം

സംക്ഷിപ്ത വിവരം

ഇനം	തുക (₹)
മുന്നിരിപ്പ്	4814959
ഓഡിറ്റ് വർഷത്തെ വരവ്	77600143
ആകെ	82415102
ഓഡിറ്റ് വർഷത്തെ ചെലവ്	78824971
നീക്കിയിരിപ്പ്	3590131

1-4 ഫണ്ട് വിനിയോഗം

ഇനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് – പൊതുവിഭാഗം (എ.സി.ആർ.പ്രകാരം)	0	1109900	1109900	11037288	61712
വികസനഫണ്ട് – എസ്.സി.പി. (എ.സി.ആർ.പ്രകാരം)	0	2793000	2793000	1496366	1296634
വികസനഫണ്ട് – ടി.എസ്.പി. (എ.സി.ആർ.പ്രകാരം)	0	580000	580000	345768	234232
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (എ.സി.ആർ.പ്രകാരം)	0	8484091	8484091	5019223	3464868
മെയിന്റനൻസ് ഗ്രാന്റ് - റോഡ് (എ.സി.ആർ.പ്രകാരം)	0	2774000	2774000	1572219	1201781
മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം (എ.സി.ആർ.പ്രകാരം)	0	3251000	3251000	2514483	736517
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ					
എൻ .ആർ.ഇ.ജി.എസ്. ഭരണച്ചെലവ്	3809	2057345	2061154	2058062	3092
എൻ.ആർ.ഇ.ജി.എസ്. ഗുണഭോക്താക്കൾക്ക് നൽകുന്നത്	0	30909000	30909000	30909000	0
ഐ.സി.ഡി.എസ്.	470878	474058	944936	327886	617050
NABARD ധനസഹായം	0	397000	397000	397000	0
മറ്റ് ഗ്രാന്റ് (ലൈഫ് മിഷൻ)	481867	3702600	4184467	3425716	758751
സംസ്ഥാന വിഹിതം					
ശുചിത്വ മിഷൻ	733056	72000	805056	260000	545056
കേരളോത്സവം					
സമ്പൂർണ്ണ ശുചിത്വം	0	130000	130000	130000	0

ഫഷറീസ് വകുപ്പിൽ നിന്ന് ലഭിച്ചത്	51464	1773	53237	0	53237
മറ്റ് ഗ്രാന്റ് (ഐ.റ്റി.ഡി.പി.)	0	879563	879563	0	879563
ആശ്രയ ചലഞ്ച് ഫണ്ട്	0	1166772	1166772	1166772	0

1) വികസനഫണ്ട് – എസ്.സി.പി., വികസനഫണ്ട് – ടിഎസ്.പി., കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും തുകയിൽ വ്യത്യാസം കാണുന്നു.

2)ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം വാർഷിക കണക്കിലെ തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ലോൺ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. ആയതിനാൽ ടി ഇനത്തിലുള്ള വരവ് ചെലവ് തുകയുടെ ആധികാരികത പരിശോധിക്കുവാൻ കഴിയുന്നില്ല.

4) സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള എൻ. ആർ.ഇ.ജി.എസ്.വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പരുത്തപ്പെടുന്നില്ല.

5) ഗ്രാന്റ് പത്രികയിലെ വികസന ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-5 വാർഷിക പദ്ധതി അവലോകനം

2019-20 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക	ചെലവ് ശതമാനം
കൃഷി ഓഫീസർ	4	4002700	3	2819378	70.44
വെറ്ററിനറി സർജൻ	1	100000	1	100000	100
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി.	6	992600	6	924670	93.16
മെഡിക്കൽ ഓഫീസർ- ഹോമിയോ	1	100000	1	100000	100
മെഡിക്കൽ ഓഫീസർ- ആയുർവ്വേദം	2	565000	1	465000	82.30
വി.ഇ.ഒ.	6	62284060	4	7042600	11.31
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	3	2565000	2	2140536	83.45
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	1	650000	0	0	0
സെക്രട്ടറി ഗ്രാമ പഞ്ചായത്ത്	33	11183765	24	5310369	47.48
അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത്	3	681000	2	68685	10.09
ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്.	1	325500	0	0	0

അസിസ്റ്റന്റ് എൻജിനീയർ	106	21950135	55	10202409	46.48
ആകെ	167	105399760	99	29173647	27.68

167 പദ്ധതികൾക്കായി ₹105399760/- വകയിരുത്തിയിരുന്നു എങ്കിലും 99 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. (₹ 29173647/- മാത്രമാണ് ചെലവ്) ടഷറി നിയന്ത്രണം മൂലം ടഷറിയിൽ സമർപ്പിച്ച നിരവധി ബില്ലുകളിൽ തുക അനുവദിക്കാത്തത് പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് കുറയുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ ഒരു പ്രോജക്ട് മാത്രം നടപ്പാക്കേണ്ടിയിരുന്ന ഹെഡ്മാസ്റ്റർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ പദ്ധതി നടപ്പിലാക്കാത്തത് ഭരണസമിതി വിലയിരുത്തേണ്ടതാണ്.

പദ്ധതി വിഹിതത്തിന്റെ മേഖല തിരിച്ചുള്ള വിനിയോഗം വിവരം ചുവടെ ചേർക്കുന്നു.

ഉല്പാദനം	ജനറൽ	എസ്.സി.പി.	ടി.എസ്.പി.	ധനകാര്യ കമ്മീഷൻ ഗ്രാന്റ്
വകയിരുത്തൽ	2915350	307000	-	389860
ചെലവ്	2160080	119548	-	0
സേവനം				
വകയിരുത്തൽ	8712188	2304353	580000	3377261
ചെലവ്	7494554	1376818	245768	1800948
പശ്ചാത്തലം				
വകയിരുത്തൽ	1661168	738647	100000	6405119
ചെലവ്	1382654	0	100000	3218275

ലൈഫ് മിഷൻ ജനറൽ എന്ന പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതുമായ ₹1202600/- വാർഷിക കണക്കിലും ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	3809	2057345	2061154	2058062	3092
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	30909000	30909000	30909000	0

രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-7 ക്ഷേമ പെൻഷനുകൾ

പെൻഷൻ തുകകളിൽ വാർഷിക ധനകാര്യ പത്രികയിലെ EFMS പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ഖണ്ഡിക 1-9-ൽ കൊടുക്കുന്നു.

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പരുകളിൽ വ്യത്യാസം വന്നതിനാൽ പെൻഷൻ ലഭിച്ചിരുന്നില്ല. ആയത് ക്രമീകരിക്കാൻ ഗുണഭോക്താക്കൾ അപേക്ഷ നൽകിയതിനെതുടർന്ന് അക്കൗണ്ട് നമ്പർ ക്രമികരിക്കുകയും ആ മാസം മുതൽ പെൻഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇവരുടെ പെൻഷൻ അപേക്ഷ പരിഗണിച്ച് അനുവദിച്ച മാസം മുതൽ ഇവർ അർഹരായതിനാൽ താഴെപ്പറയുംപ്രകാരം കുടിശികയായ പെൻഷന് അർഹതയുണ്ടെന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	പെൻഷൻ	പെൻഷൻ നൽകി	പെൻഷന് അർഹമായ മാസം

			തുടങ്ങിയത്	
1	ലീലാമണി പ്രസന്നൻ പെൻഷൻ ID-105860600526	വിധവാ പെൻഷൻ	ഒക്ടോബർ, 2020	ജനുവരി, 2020 മുതൽ
2.	സരോജിനി എടപ്പാട്ട് പെൻഷൻ ID-105860201218	വാർദ്ധക്യകാല പെൻഷൻ	ഒക്ടോബർ, 2020	നവംബർ, 2019 മുതൽ

2019-20 വർഷത്തെ ക്ഷേമകാര്യ പെൻഷൻ വിവരങ്ങൾ-

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	839700	171
വിധവാ പെൻഷൻ	2992800	484
വാർദ്ധക്യകാലപെൻഷൻ	5686400	1073
വികലാംഗ പെൻഷൻ	829000	152
50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	98000	17

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹31368/-യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം സ്ഥാപനത്തിൽ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫയലുകളുടെ തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് സൂചിക സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടില്ല. ജീവനക്കാർ ഇതിനായി നിശ്ചയിച്ചിട്ടുള്ള തൻപതിവേട് യഥാവിധി എഴുതി സൂക്ഷിക്കുകയോ മേലാഫീസർമാർ പരിശോധിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഫയലുകൾ യഥാസമയം തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. ഓഫീസിൽ ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിന് പ്രത്യേക രസീത് ബുക്ക് നൽകുന്നതിന് പകരം ഔട്ട് ഡോർ കളക്ഷന് നൽകിയിരിക്കുന്ന രസീത് ബുക്കാണ് ഉപയോഗിച്ച് വരുന്നത്. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടർ

ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ വാങ്ങിയത് കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ ചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല.

ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഗ്രാമസഭകൾ നിയമാനുസൃത സമയപരിധിക്കുള്ളിൽ ചേർന്നിട്ടില്ല എന്നത് വളരെ ഗൌരവമായി കാണേണ്ടതാണ്. പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിംങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്.

1-10 വാർഷിക കണക്കുകളുടെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-10-1 ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം- രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം വാർഷിക കണക്കിലെ തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഐ.സി.ഡി.എസ്. കേന്ദ്രവിഹിതം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
രജിസ്റ്റർ പ്രകാരം	470878	474058	944936	327886	617050
വാർഷിക കണക്കുകൾ പ്രകാരം	178205	438845	617050	0	617050

വാർഷിക കണക്കിൽ ലഡ്ജർ പ്രകാരം മുന്നിരിപ്പ് ഉണ്ടായിരുന്നില്ല. നീക്കിയിരിപ്പ് ക്രമപ്പെടുത്തുവാനായി Prior Period Income എന്ന ശീർഷകത്തിൽ ₹178205/- ജേണൽ വൌച്ചർ വഴി ഉൾപ്പെടുത്തിയിരിക്കുന്നു. ടി തുകയുടെ ആധികാരികത വ്യക്തമല്ല.

1-10-2 രജിസ്റ്റർ പ്രകാരമുള്ള എൻ. ആർ.ഇ.ജി.എസ്.വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിലെ രജിസ്റ്റർ പ്രകാരമുള്ള എൻ. ആർ.ഇ.ജി.എസ്.വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

രജിസ്റ്റർ പ്രകാരം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവ്	3809	2057345	2061154	2058062	3092
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ)	0	30909000	30909000	30909000	0

വാർഷിക കണക്കുകൾ പ്രകാരം

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവ്	3809	1265120	1268929	1265837	3092
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ)	0	30175837	30175837	30175837	0

1-10-3 ജീവനക്കാരുടെ തൊഴിൽ നികുതി തുക - രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല

ജീവനക്കാരുടെ തൊഴിൽ നികുതി തുക രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

ഇനം	രജിസ്റ്റർ പ്രകാരം	വാർഷിക കണക്കുകൾ പ്രകാരം	വ്യത്യാസം
ജീവനക്കാരുടെ തൊഴിൽ നികുതി	381352	355602	25750

1-10-4 ലോൺ വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ലോൺ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. ആയതിനാൽ വിവിധ ഭവന പദ്ധതികളുടെ ലോൺ തുകയുടെയും തിരിച്ചടവ് തുകയുടെയും ആധികാരികത പരിശോധിക്കുവാൻ കഴിയുന്നില്ല.

1-10-5 വാർഷിക കണക്കിലെ വിവിധ ഗ്രാന്റുകളുടെ ചെലവ് തുകകൾ ഗ്രാന്റ് പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് പത്രികയിലെ വികസന ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-10-6 വികസനഫണ്ട് - എസ്.സി.പി., വികസനഫണ്ട് - ടിഎസ്.പി., കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് തുകയിൽ വ്യതിയാനം

വികസനഫണ്ട് - എസ്.സി.പി., വികസനഫണ്ട് - ടിഎസ്.പി., കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (എ.സി.ആർ.) പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും തുകയിൽ വ്യത്യാസം കാണുന്നു.

	വികസനഫണ്ട്- എസ്.സി.പി.	വികസനഫണ്ട്- ടി.എസ്.പി.	കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്
എ.സി.ആർ. പ്രകാരം	1481660	345768	5019223
വാർഷിക കണക്കുകൾ പ്രകാരം	1458765	322873	5018623
വ്യത്യാസം	22895	22895	600

1-10-7 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

2019-20 വർഷം സൃഷ്ടിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

1-10-8 സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി. തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷികകണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	സാംഖ്യ			സഞ്ചയ		
	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
പാർപ്പിടം (തൻ വർഷം)	1147602	1009802	139930	1217488	875561	297556
പാർപ്പിടം (കുടിശ്ശിക)	385812	255282	117766	421523	235570	190575

പാർപ്പിടേതരം (തൻവർഷം)	779791	461374	334565	832045	654551	148349
പാർപ്പിടേതരം (കുടിശ്ശിക)	181267	66061	11903	247454	119524	129285

സഞ്ചയ-സാംഖ്യ കണക്കുകളിൽ വന്ന വ്യത്യാസം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-10-9 ക്ഷേമ പെൻഷൻ- വിതരണം ചെയ്ത തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

2019-20 വർഷം വതരണം ചെയ്ത ക്ഷേമപെൻഷനുകളുടെ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	വിതരണം ചെയ്ത തുക	വാർഷിക കണക്കുകൾ പ്രകാരമുള്ള തുക
1	കർഷക തൊഴിലാളി പെൻഷൻ	889800	839700
2	വാർദ്ധക്യകാല പെൻഷൻ	5586300	5686400
3	50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	94200	98000
4	വിധവ പെൻഷൻ	2685600	2992800
5	വികലാംഗ പെൻഷൻ	790200	829000

1-11 രസീത് ബുക്ക് പ്രകാരമുള്ള പണം പിരിച്ചതിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണദ്യോഗസ്ഥയായി ഗ്രോബാഗ് വിതരണം ചെയ്യുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമായി ₹200 വീതം ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിരുന്നു. പ്രസ്തുത രസീത് ബുക്കുകൾ പരിശോധിച്ചതിൽ 48658-ാം നമ്പർ ബുക്കിൽ 85 മുതൽ 100 വരെയുള്ള രസീതുകളുടെ തുകയായ 2800/- രൂപ (14 * 200 =2800/- , 85 & 100 നമ്പർ ക്യാൻസൽ ചെയ്ത) പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് വേളയിൽ ഇത് സൂചിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത തുക ഒടുക്കി രസീത് ഹാജരാക്കുകയുണ്ടായി . (രസീത് നം 120030101995, തീയതി 24.03.2021). രസീതുകളിൽ തീയതി രേഖപ്പെടുത്താതെയാണ് ഗുണഭോക്തൃ വിഹിതം ഈടാക്കിയിരിക്കുന്നത്. ആയതിനാൽ തുക പിരിച്ചെടുത്ത തീയതി സംബന്ധിച്ച് വ്യക്തതയില്ല. 48659-ാം നം രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15.09.2020 തീയതിയിലാണ് കൈപ്പറ്റിയിരിക്കുന്നത്. ഇതിലെ 1 മുതൽ 30 വരെ രസീതുകൾ ഉപയോഗിച്ചിരിക്കുന്നത് 18.9.2020 തീയതിയിലാണ്. 48658 ബുക്കിലെ രസീതുകളിൽ ഒരു രസീതിൽ പോലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേൽ 2800/- തുക ആറു മാസമായി അനധികൃതമായി കൈവശം സൂക്ഷിച്ചതായി കാണുന്നു. പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള എൻക്വയറി 11ന് മറുപടിയായി രസീത് ബുക്കുകൾ കൈകാര്യം ചെയ്ത കൃഷി അസിസ്റ്റന്റിന്റെ ഭാഗത്ത് വീഴ്ചയുണ്ടായതായും ജോലിയുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിൽ ഓഫീസ് മേലധികാരിയായ കൃഷി ഓഫീസറുടെ ഭാഗത്ത് നിന്ന് ശ്രദ്ധക്കുറവുണ്ടായതായും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിനായി കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

1-12 ചെക്ക് /ഡി.ഡി. സമയബന്ധിതമായി പണമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിക്കുന്ന സഹകരണ ബാങ്കിലെ സേവിംഗ് ബാങ്ക് അക്കൌണ്ട് നമ്പർ 942 ന്റെ റിക്കൺസീലിയേഷൻ പത്രിക പരിശോധിച്ചതിൽ Check Deposited But

Not Collected എന്ന ശീർഷകത്തിൽ ₹18104/- ഉൾപ്പെടുത്തിയിരിക്കുന്നു. ടി തുക ചെക്ക്/ഡി.ഡി. രജിസ്റ്റർ പ്രകാരം ഹിന്ദുസ്ഥാൻ പെട്രോളിയം എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ ടി തുക 02.08.2018 ൽ 118030500010 നമ്പർ രസീത് പ്രകാരം സാംഖ്യയിൽ വരവായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക നാളിതുവരെ അക്കൌണ്ടിൽ ക്രഡിറ്റ് വന്നിട്ടില്ല. ഓഡിറ്റ് വേളയിൽ ഇത് സംബന്ധിച്ച് നടത്തിയ പരിശോധനയിൽ ചെക്ക്/ ഡി.ഡി. ബാങ്കിൽ നിക്ഷേപിച്ചതിന്റെ യാതൊരു രേഖയും ലഭ്യമാക്കിയില്ല. തുക നാളിതുവരെ ലഭിക്കാത്തത് ഗുരുതരമായ അപാകതയായി കാണുന്നു. ഇത് സംബന്ധിച്ച് അടിയന്തരമായി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 റേഷൻ കടകൾ- ലൈസൻസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക -I, ക്രമ നം 149 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനും തൊഴിൽനികുതി ഈടാക്കുവാനും പഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാനോ തൊഴിൽ നികുതി ഈടാക്കുവാനോ ഉള്ള നടപടി സ്വീകരിച്ചിട്ടില്ല. മുൻവർഷ റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച പരാമർശമുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്ക് ലൈസൻസ് ലഭ്യമാക്കി ആനുപാതികമായ ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

1-14 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ട് നഷ്ടം,₹ 38165/-

പദ്ധതി, നം	119/20, (എസ്.ഒ 82/ 19) അംഗൻവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹ 300000
ബിൽ നം, തീയതി & തുക	07/19-20, 16.05.19, ₹ 293980

പഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. മേൽ പദ്ധതിയ്ക്കായി ₹ 293980/- സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. ഇതിനായി 200 ആംഡ് ചെയർ, 13 സ്റ്റീൽ അലമാര, 17സ്റ്റീൽ റാക്ക്, 98 ബേബി ചെയർ എന്നിവയ്ക്കായി ടെണ്ടർ ക്ഷണിക്കുകയും 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സ്ഥാപനം ആംഡ് ചെയർ & ബേബി ചെയർ എന്നിവയ്ക്ക് മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. മറ്റൊരു സ്ഥാപനം വളരെ കൂടിയ തുകയ്ക്കാണ് ടെണ്ടർ നൽകിയത്. ടെണ്ടർ നൽകിയ അവശേഷിച്ച രണ്ടു സ്ഥാപനങ്ങളിൽ സപ്ലൈ ഓർഡർ നൽകിയ സ്ഥാപനവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ടെണ്ടറിൽ പറഞ്ഞ 13 സ്റ്റീൽ അലമാരകളിൽ 11 സ്റ്റീൽ അലമാരകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. ടെണ്ടർ താരതമ്യം ചുവടെ കൊടുക്കുന്നു

സ്ഥാപനം	ആംഡ് ചെയർ,	സ്റ്റീൽ അലമാര	സ്റ്റീൽ റാക്ക്,	ബേബി ചെയർ	ആകെ, ₹

കീർത്തി മാർക്കറ്റിംങ്ങ്, കൊറ്റമം, കാലടി	420*200=84000	8800*11=96800	2885*17=49045	265*98=25970	255815/-
സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ	435*200=87000	12850*11=141350	2650*17=45050	210*98=20580	293980/-

സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് 02/03/2019 ലെ ബി1-236/2019(1) നം കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകി. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

കുറഞ്ഞ തുക ക്വാട്ട് ചെയ്ത കീർത്തി മാർക്കറ്റിംങ്ങ് എന്ന സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക ക്വാട്ട് ചെയ്ത സുപ്രീം ഏജൻസീസിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതിനുള്ള കാരണം ആരാഞ്ഞ് നൽകിയ അന്വേഷണ കുറിപ്പ് 8 ന് മറുപടി ലഭ്യമാക്കിയില്ല. കൂടിയ തുകയ്ക്ക് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ടു പഞ്ചായത്തിന് ഉണ്ടായ നഷ്ടം ₹38165/- നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-15 ഗ്യാസ് സ്റ്റൗ, ഗ്യാസ് സിലിണ്ടറുകൾ , വിതരണരേഖകളില്ല, തടസ്സം ₹12576/-

പദ്ധതി, നം	അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ, 120/20, (എസ്.ഒ79/19)
നിർവ്വഹണദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹ 50000/-
ചെലവ്	₹ 44996/-
ബിൽ നം, തീയതി & തുക	05/19-20, തീയതി 16.05.19, ₹ 24770/- 40/19-20, തീയതി 03.03.20, ₹ 20226/-

പഞ്ചായത്തിലെ വിവിധ അംഗൻവാടികൾക്ക് ഗ്യാസ് സ്റ്റൌ & ഗ്യാസ് സിലിണ്ടറുകൾ വാങ്ങി നൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ പദ്ധതിയ്ക്കായി ഗ്യാസ് സ്റ്റൗകളും സിലിണ്ടറുകളും വാങ്ങിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ബിൽ നം./ തീയതി	ഇനം/ എണ്ണം	തുക
1	അണ്ണ ഗ്യാസ് ഏജൻസി, മുക്കുടിൽ	809/25.3.2019	സിലിണ്ടർ ഡെപ്പോസിറ്റ് -8 റെഗുലേറ്റർ ഡെപ്പോസിറ്റ് -3	11600 450
2	അണ്ണ എച്ച്.പി. ഗ്യാസ് , ഗ്രാമീൺ വിതരക്	73/25.03.2019	ഗ്യാസ് സ്റ്റൗ -3 സുരക്ഷ ഹോസ് -3 ലൈറ്റർ- 3 യാർഡ് -3	5700 570 300 150
3	അണ്ണ എച്ച്.പി. ഗ്യാസ് , ഗ്രാമീൺ വിതരക്	25.03.2019	സിലിണ്ടർ -8	6000
			ആകെ	24770
4	അണ്ണ ഗ്യാസ് ഏജൻസി, മുക്കുടിൽ	836/20.01.2020	സിലിണ്ടർ ഡെപ്പോസിറ്റ്-6	8700

			റെഗുലേറ്റർ ഡെപ്പോസിറ്റ് -3	450
5	അണ്ണ എച്ച്.പി. ഗ്യാസ് , ഗ്രാമീൺ വിതരക്	2/12.12.2019	ഗ്യാസ് സ്റ്റൗ -3 സുരക്ഷ ഹോസ് -3 ലൈറ്റർ- 3	5700 570 270
6	അണ്ണ എച്ച്.പി. ഗ്യാസ് , ഗ്രാമീൺ വിതരക്	20.01.2020	സിലിണ്ടർ -6	4536
			ആകെ	20226

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 6 സ്റ്റൗകളും 14 സിലിണ്ടറുകളും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 3 സ്റ്റൗകളും 6 സിലിണ്ടറുകളും 3 അംഗൻവാടികളിലേക്ക് വിതരണം ചെയ്തതായി രേഖകളുണ്ട്. മറ്റ 3 സ്റ്റൗകളും 8 സിലിണ്ടറുകളും വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. വിതരണ രേഖകൾ ലഭ്യമല്ലാത്ത 3 സ്റ്റൗകൾ, 6 സിലിണ്ടറുകൾ എന്നിവയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറികൾ നം. 8, 15 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആദ്യബിൽ പ്രകാരമുള്ള 2 സിലിണ്ടറുകളുടെയും (750 X 2 = 1500) , രണ്ടാമത്തെ ബിൽ പ്രകാരമുള്ള സ്റ്റൗകൾ, സിലിണ്ടറുകൾ എന്നിവയുടെ വിലയായ ₹ 11076 (6540 + 756 X 6), ആകെ ₹12576/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-16 മാനദണ്ഡങ്ങൾ പാലിക്കാതെ സ്വകാര്യഭൂമിയിൽ കിണർ കുഴിച്ചു

നിർവ്വഹണം	അസി. എഞ്ചിനീയർ
പ്രോജക്ട് നം, പേര്	145/20-കാന്തിപ്പാറ കുഴിപ്പ് വെള്ളാടിഭാഗം കുടിവെള്ള പദ്ധതി
അടങ്കൽ	300000 (ധനകാര്യ കമ്മീഷൻ അവാർഡ്)
കരാറുകാരന്റെ പേര്	ജയിംസ് മാത്യു
എം-ബുക്ക് നം	560/18
ബിൽ നം, തുക	40/04.09.2019 ₹294332/-

മേൽ സൂചിത കുടിവെള്ള പദ്ധതിയ്ക്കുവേണ്ടി കുളം നിർമ്മിക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്.
ഫയൽ പരിശോധിച്ചതിലും സ്ഥലം ഭൌതിക പരിശോധന നടത്തിയതിലും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തിയപ്പോൾ വാർഡ് 12 കാന്തിപ്പാറ മെമ്പർ ശ്രീ. ജയിംസ് മത്തായിയുടെ വക, വീടിന് പുറകുവശത്തുള്ള, ഏലത്തോട്ടത്തിൽ ഏകദേശം 100 മീറ്റർ ഉള്ളിലാണ് കിണർ കുഴിച്ചിരിക്കുന്നത് സ.ഉ.(കൈ) നം. 22/2018തസ്വഭവ പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.6-ലെ കുറിപ്പ് 4-ൽ ഇപ്രകാരം കുഴിക്കുന്ന കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള കരാറിൽ ഏർപ്പെടണമെന്നും വസ്തു ആർജ്ജിക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരം സ്ഥലവും വഴിയും തദ്ദേശഭരണ സ്ഥാപനത്തിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും കിണർ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലില്ല.

ശ്രീ. ജയിംസ് മത്തായിയുടെ ഏലത്തോട്ടം പ്രസ്തുത കിണറ്റിലെ വെള്ളം കൊണ്ട് നനക്കുക മാത്രമാണ് നിലവിൽ ചെയ്യുന്നത്. വൃത്തിയാക്കാത്തതും ഏലത്തോട്ടത്തിന്റെ വളരെയുള്ളിൽ സ്ഥിതി

ചെയ്യുന്നതുമായ കിണർ പരിസരത്തേക്ക് പൊതുവഴിയില്ല, സമീപ പ്രദേശങ്ങളിൽ വീടുകളുടെ എണ്ണം നന്നേ കുറവും മറ്റൊരാളും നിലവിൽ വെള്ളമെടുക്കുന്നില്ല എന്നതിനാലും കിണർ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് ഇല്ലാത്തതിനാലും ഇതൊരു പൊതുകുടിവെള്ള പദ്ധതിയാകാനുള്ള സാദ്ധ്യത കുറവാണ് എന്നു മാത്രമല്ല ഉടമസ്ഥനുവേണ്ടി മാത്രം നിർമ്മിച്ച ജലസേചന പദ്ധതിയാണോയെന്ന് സംശയം ഉളവാക്കുന്നതുമാണ്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകൃയറി 13 നുള്ള മറുപടിയിൽ പദ്ധതിയ്ക്കായുള്ള സ്ഥലം, പൊതുവഴിയ്ക്കുള്ള സ്ഥലം എന്നിവ സറണ്ടർ ചെയ്തതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും കാര്യക്ഷമത പരിശോധിച്ച് കൂടുതൽ രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ഉടമസ്ഥനുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഹാജരാക്കി പദ്ധതി സ്ഥലം, പൊതുവഴിസ്ഥലം എന്നിവ സറണ്ടർ ചെയ്തിട്ടുണ്ട് എന്ന് കരാറിലും ലഭ്യമാക്കിയ മറുപടിയിലും സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അപ്രകാരമുള്ള ഒരു പൊതുവഴി സ്ഥലത്ത് ലഭ്യമാക്കിയിട്ടില്ല. ഉടമസ്ഥന്റെ പോർച്ചിൽ കൂടി മാത്രമേ നിലവിൽ കിണറിനടുത്തേയ്ക്ക് പോകാനാവൂ എന്ന് കണ്ട് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സൂചിപ്പിച്ച മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച ₹294332/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 ഓവർഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

എ) ജി.എസ്.ടി. പരിഹാര തുക ഒരിക്കൽ ഉൾപ്പെടുത്തിയതിന് ശേഷം വീണ്ടും പ്രത്യേകമായി അനുവദിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ റോഡ് പ്രവർത്തികൾക്ക് 10% ഓവർ ഹെഡ്ഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും (നെടുങ്കണ്ടം-48.71%) ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമായി.

സ്റ്റാന്റേർഡ് ഡാറ്റാ ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം ആമുഖ ഭാഗത്ത്, അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ഖണ്ഡിക 4-ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്ഡ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണ്. റോഡ് പ്രവൃത്തികളിൽ ഓവർ ഹെഡ്ഡ് ചാർജ്ജ് അനുവദിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ നമ്പർ 6 വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യം കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. നമ്പർ 8 വ്യവസ്ഥ പ്രകാരം, വ്യവസ്ഥ 6-ൽ സൂചിപ്പിച്ച എസ്റ്റിമേറ്റിന്റെ ആകെ പ്രവൃത്തി മൂല്യത്തിന് പുറമേ, ബാധകമായ ജി.എസ്.റ്റി യ്ക്കുള്ള തുക പ്രത്യേകമായി ഉൾപ്പെടുത്തിക്കൊണ്ടാണ് ഭരണാനുമതി ലഭ്യമാക്കേണ്ടത്. അതിൻപ്രകാരം ജി.എസ്.റ്റി-യ്ക്ക് അടങ്കലിൽ പ്രത്യേക പ്രൊവിഷൻ കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ പ്രസ്തുത മാറ്റം വരുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഇതിൻ പ്രകാരം ജി.എസ്.റ്റി. ചെലവിനായി 12% തുക പ്രത്യേകമായി ഉൾപ്പെടുത്തിയാണ് (സ്പിൽ ഓവർ ഒഴികെ) തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കിയത്.

ഓവർ ഹെഡ്ഡ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) /ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി നീക്കിവച്ചിരിക്കുന്നതാണ്. ഒരിക്കൽ ഇപ്രകാരം തുക നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ പിന്നീട് കൊടുക്കുമ്പോൾ കരാറുകാരന് ആയിനത്തിൽ തുക അധികമായി ലഭിക്കുന്നു. ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ പരിഹാര തുക കരാറുകാരന് നൽകുന്നത് അനർഹമായ തുക നല്കലാണ്. ചുവടെ ചേർക്കുന്ന പദ്ധതികളിൽ ഇപ്രകാരം പരിഹാര തുക നൽകിയിട്ടുണ്ട്.

പദ്ധതി	ബിൽ നം. / തീയതി	തുക(₹)
കുത്തുങ്കൽ പെന്തക്കോസ്ത് ചർച്ച് കോലത്തുപടി റോഡ് കോൺക്രീറ്റിംഗ്(195/20)	44/18.01.20	396903
മേലേ ചെമ്മണ്ണാർ വാരിയത്തുകുടി മേട് പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്(196/20)	47/13.03.20	299974
ബി.എസ്.എൻ.എൽ. എസ്റ്റ്ചേഞ്ച്പടി റോഡ് കോൺക്രീറ്റിംഗ്(189/20)	51/13.03.20	99848
സ്കൂൾപ്പടി പന്നിയാർപുഴറോഡ് കോൺക്രീറ്റിംഗ്(188/20)	52/13.03.20	199696
		996421

ജി.എസ്.ടി ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തപ്പോൾ, ഓവർ ഹെഡ് ചാർജ്ജിൽ ആയതിനുള്ള പരിഹാര തുക കരാറുകാർക്ക് നൽകുന്നത് വഴി ഗ്രാമ പഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	അന്തിമ നിരക്ക് കണക്കാക്കുന്ന നിലവിലെ രീതി			OH-ൽ പരിഹാര തുക ഉൾപ്പെടുത്താതെ അന്തിമ നിരക്ക് കണക്കാക്കുന്ന രീതി		
	വർദ്ധിപ്പിക്കുന്ന ശതമാനം	തുക(₹)	വർദ്ധിപ്പിക്കുമ്പോൾ ലഭിക്കുന്ന തുക(₹)	വർദ്ധിപ്പിക്കുന്ന ശതമാനം	തുക(₹)	വർദ്ധിപ്പിക്കുമ്പോൾ ലഭിക്കുന്ന തുക(₹)
അടിസ്ഥാന തുക			494423.73			494423.73
(+) OH	10	49442.37	543866.1	6	29665.42	524089.15
(+) CP	10	54386.61	598252.71	10	52408.92	576498.07
(+) Cost Index	48.71	291408.9	889661.61	48.71	280812.21	857310.28
(+) ജി.എസ്.റ്റി. ചെലവിനായി പ്രത്യേക പ്രൊവിഷൻ	12	106759.39	996421	12	102877.23	960187.51

ഉൾപ്പെടുത്തുമ്പോൾ ലഭിക്കുന്ന തുക						

ഇപ്രകാരം പരിഹാര തുക കരാറുകാർക്ക് നൽകുന്നത് വഴി ഗ്രാമ പഞ്ചായത്തിന് നിലവിൽ ₹36233.49 (996421-960187.51)-യുടെ നഷ്ടമുണ്ടായിട്ടുണ്ട്. പ്രസ്തുത അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ഇതേ രീതിയിൽ അന്തിമബിൽ കണക്കാക്കുന്നതുവഴി, ഗ്രാമ പഞ്ചായത്തിന് ഗണ്യമായ തുകയുടെ നഷ്ടമുണ്ടാകുന്നതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ അസി. എഞ്ചിനീയറെ അറിയിച്ചപ്പോൾ (ഓഡിറ്റ് എൻകൃയറി 10) ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്ന് PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കി നൽകുന്ന നിരക്കുകളാണ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സ്വീകരിക്കുന്നതെന്നും പ്രസ്തുത അപാകതകൾ മേൽ ആഫീസിൽ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

(ബി) വലിയ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ഓവർഹെഡ് ചാർജ് ചെറിയ പ്രവർത്തികൾക്കു നൽകുന്നു.

പഞ്ചായത്തിന്റെ റോഡ് നിർമാണ പ്രവൃത്തികൾ പരിഗണിക്കുമ്പോൾ അപ്രസക്തമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, ഇലക്ട്രിസിറ്റി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.
2. സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.
3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.
4. മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.
6. വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.
7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.
8. അവശേഷിക്കുന്ന മിക്ക ഇനങ്ങളുടെ കാര്യത്തിലും ഭാഗിക ചെലവോ ചെലവു വരാൻ സാധ്യത ഇല്ലാത്തതായോ കാണാം. ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്. മേൽ സാഹചര്യത്തിൽ ഈ വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ഉചിത പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പ്രാഥമിക ആരോഗ്യകേന്ദ്രം - മരുന്ന് /ഉപകരണങ്ങൾ ലഭ്യമാകാത്തത്

മെഡിക്കൽ ഓഫീസർ(PHC) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി പ്രകാരമുള്ള മരുന്ന് /ഉപകരണങ്ങൾ

എന്നിവ ലഭ്യമായിട്ടില്ല.

ക്രമ നം.	പദ്ധതി	ചെലവ് വിവരങ്ങൾ	മരുന്ന്/ ഉപകരണങ്ങൾ ലഭ്യമാകാത്തത്
1.	പാലിയേറ്റീവ് കെയർ പദ്ധതി (8/20)	ബിൽ നം.13/19-20/16.12.19/175443/-	മരുന്ന് വാങ്ങലിന് KMCL-ന് തുക നൽകിയെങ്കിലും ₹155226/- ന്റെ മരുന്നുകൾ മാത്രമാണ് ലഭ്യമായതായത്. ₹20217/- ന്റെ മരുന്നുകൾ ലഭ്യമായിട്ടില്ല.
2.	പി.എച്ച്.സി.ക്ക് മരന്നുവാങ്ങൾ (24/20)	ബിൽ നം.8/19-20/15.11.19/150000/- ബിൽ നം.9/19-20/15.11.19/150000/-	മരുന്ന് വാങ്ങലിന് KMCL-ന് തുക നൽകിയെങ്കിലും 250184/- ന്റെ മരുന്നുകൾ മാത്രമാണ് ലഭ്യമായതായത്. 49816/- ന്റെ മരുന്നുകൾ ലഭ്യമായിട്ടില്ല.
3.	ആർദ്രം - NCD സ്ക്രീനിംഗ്രം പ്രോഗ്രാം (26/20)	ബിൽ നം.10/18-19/15.11.19/14670/-	ഗ്ലൂക്കോമീറ്റർ, സ്ട്രിപ്പ് എന്നിവ വാങ്ങുന്നതിന് KMCL-ന് തുക നൽകിയിട്ടുണ്ട്. എന്നാൽ 7.10.2020-ൽ KMCL-ലിൽ 11294/- ന്റെ ടെസ്റ്റ് സ്ട്രിപ്പുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഗ്ലൂക്കോമീറ്റർ ലഭിച്ചിട്ടില്ല.

പ്രസ്തുത മരുന്നുകളും ഗ്ലൂക്കോമീറ്ററും ലഭ്യമാക്കാനുള്ള നപടികൾ സ്വീകരിക്കേണ്ടതാണ്. 25 സ്ട്രിപ്പുകൾ വീതമുള്ള 19 പാക്കറ്റുകളാണ് ലഭ്യമായിട്ടുള്ളത്. ആയത് ഡിസംബർ 2021-ൽ കാലാവധി തീരുന്നതുമാണ്. ആയതിനാൽ അടിയന്തിരമായി ഗ്ലൂക്കോമീറ്റർ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ലൈഫ് ഭവനപദ്ധതി തുക കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിക്കാത്തത്

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താവായ ശ്രീ തങ്കച്ചൻ ഗോപാലൻ എന്നയാളിന് ഭവന നിർമ്മാണ പദ്ധതിയുടെ ആദ്യ ഗഡുവായി 40000/-കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചില്ല. ഈ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിക്കുവാനിരിക്കുന്ന സ്ഥലം ഭവന നിർമ്മാണം സാധ്യമല്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുള്ളതിനാലാണ് ഭവന നിർമ്മാണം ആരംഭിക്കാത്തത് എന്ന് ഫയലിൽ കാണുന്നു. ഭവന നിർമ്മാണം ആരംഭിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

ഭാഗം -3

3-1 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ട് നഷ്ടം,₹ 38165/-

പദ്ധതി , നം	119/20, (എസ്.ഒ82/ 19) അംഗൻവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ
നിർവ്വഹണദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹ 300000

ബിൽ നം,തീയതി & തുക	07/19-20, 16.05.19, ₹ 293980

പഞ്ചായത്തിലെ വിവിധ അംഗൻവാടികളിലേക്ക് വിവിധ ഫർണിച്ചറുകൾ വാങ്ങുന്നതിനായിരുന്നു പദ്ധതി വിഭാവനം ചെയ്തത്. പർച്ചേസ് കമ്മിറ്റി രൂപീകരിച്ചതായോ വാങ്ങൽ നടപടികളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതായോ കാണുന്നില്ല. വിവിധ സ്ഥാപനങ്ങൾ കോട്ടു ചെയ്ത തുകകൾ തമ്മിലുള്ള താരതമ്യപഠനം ഫയലിൽ ഇല്ല.

മേൽ പദ്ധതിയ്ക്കായി 293980/- രൂപ സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നു. 200 ആംഡ് ചെയർ, 13 സ്റ്റീൽ അലമാര, 17സ്റ്റീൽ റാക്ക്, 98 ബേബി ചെയർ എന്നിവയ്ക്കായിരുന്നു ടെണ്ടർ ക്ഷണിച്ചത്. ഇതു പ്രകാരം 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയുണ്ടായി. ഒരു സ്ഥാപനം ആംഡ് ചെയർ & ബേബി ചെയർ എന്നിവയ്ക്ക് മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. വോറൊരു സ്ഥാപനം വളരെ കൂടിയ തുകയ്ക്കാണ് ടെണ്ടർ നൽകിയത്. ടെണ്ടർ നൽകിയ അവശേഷിച്ച രണ്ടു സ്ഥാപനങ്ങളിൽ സപ്ലൈ ഓർഡർ നൽകിയ സ്ഥാപനവും കുറഞ്ഞ തുക കാട്ട് ചെയ്ത സ്ഥാപനവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ടെണ്ടറിൽ പറഞ്ഞ 13 സ്റ്റീൽ അലമാരകളിൽ 11 സ്റ്റീൽ അലമാരകളാണ് സപ്ലൈ ചെയ്തിട്ടുള്ളത്. ടെണ്ടർ താരതമ്യം ചുവടെ കൊടുക്കുന്നു.

സ്ഥാപനം	ആംഡ് ചെയർ,	സ്റ്റീൽ അലമാര	സ്റ്റീൽ റാക്ക്,	ബേബി ചെയർ	ആകെ, ₹
കീർത്തി മാർക്കറ്റിംങ്ങ്, കൊറ്റമം, കാലടി	420*200=84000	8800*11=96800	2885*17=49045	265*98=25970	255815/-
സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ	435*200=87000	12850*11=141350	2650*17=45050	210*98=20580	293980/-

സുപ്രീം ഏജൻസീസ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന് 02/03/2019 ലെ ബി1-236/2019(1) നം കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകി. പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. കുറഞ്ഞ തുക കാട്ട് ചെയ്ത കീർത്തി മാർക്കറ്റിംങ്ങ് എന്ന സ്ഥാപനത്തെ ഒഴിവാക്കി കൂടിയ തുക കാട്ട് ചെയ്ത സുപ്രീം ഏജൻസീസിന് ടെണ്ടർ ഉറപ്പിച്ചു നൽകിയതിനുള്ള കാരണം അന്വേഷിച്ചു നൽകിയ അന്വേഷണ കുറിപ്പ് 8 ന് മറുപടി ലഭ്യമാക്കിയില്ല. കൂടിയ തുകയ്ക്ക് ടെണ്ടർ ഉറപ്പിച്ചു നൽകിയതു കൊണ്ട് പഞ്ചായത്തിനുണ്ടായ നഷ്ടം ₹38165/- നിർവ്വഹണദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2019-20	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു.	-

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ	തുക ലഭിച്ച	ലഭിച്ച	പ്രോജക്ടിന്റെ പേര്	ചെലവ്	ബലൻസ്

സ്ഥാപനം	വർഷം	തുക			
ബ്ലോക്ക് പഞ്ചായത്ത്	2019-20	1202600	ലൈഫ് മിഷൻ ജനറൽ	1202600	0
		46400	ജവഹർ ഭവന പദ്ധതി പലിശ അടവ്	46400	0

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും താഴെ പറയുന്ന പ്രകാരം പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നെങ്കിലും തുക ലഭിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

സ്ഥാപനം	വർഷം	വകയിരുത്തിയ തുക	ലഭിച്ച തുക	പ്രോജക്ട്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	81375	0	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ധനസഹായം	0
ജില്ലാ പഞ്ചായത്ത്	2019-20	232000	0	ജവഹർ ഭവന പദ്ധതി പലിശ അടവ്	0
	2019-20	600000	0	ക്ഷീരകർഷകർക്ക് ഇൻസെന്റീവ്	0
	2019-20	38175	0	ലൈഫ് മിഷൻ	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
				മുതൽ	പലിശ	
ഇ.എം.എസ് ലോൺ	സ.ഉ(സാ)നം.229/2040/ത.സ്വ.ഭ.വ തി.21.01.2010	0	695000	121000	0	574000
ഹഡ്കോ ലോൺ (ലൈഫ്)	സ.ഉ.(സാ)നം. 111/18/ത.സ്വ.ഭ.വ തി.13.08.2018	17000000	11533728	1823530	0	26710198

കുറിപ്പ്

വായ്പ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ലാത്തതിനാൽ വായ്പ സംബന്ധിച്ച തുകയുടെ ആധികാരികത ഉറപ്പാക്കുവാൻ കഴിയുന്നില്ല. സ്ഥാപനത്തിൽ നിന്നും ഓഡിറ്റ് വേളയിൽ രേഖാമൂലം ലഭ്യമാക്കിയ കണക്ക് താല്കാലികമായി അംഗീകരിച്ച് ഉൾപ്പെടുത്തുന്നു. ടി തുക വാർഷിക

കണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. അടിയന്തരമായി വായ്പകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3.35.3	2006-07	2-2	നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല	
2007-08	2-4	2011-12	3-8 3-10	ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ₹95000-,₹17978/	
2015-16	2-2	2016-17	അനുബന്ധം 4	വസ്തുനികുതി അപാകതകൾ	

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹82415102
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹78824971
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	38165
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	314558

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	38165	ഹാരിസ് ഖാൻ എം, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	20226	ഹാരിസ് ഖാൻ എം, സെക്രട്ടറി
1-16	294332	ശ്രീമതി. അജിത.പി. കുമാരൻ, അസി. എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഹാരിസ് ഖാൻ എം, സെക്രട്ടറി	സെക്രട്ടറി, കാമാക്ഷി ഗ്രാമപഞ്ചായത്ത്	മുളമൂട്ടിൽ ഹൗസ് പാലംചുഴി പി.ഓ പത്തനംതിട്ട
ശ്രീമതി. അജിത.പി. കുമാരൻ, അസി. എഞ്ചിനീയർ	അസി. എഞ്ചിനീയർ, സേനാപതി ഗ്രാമപഞ്ചായത്ത്	സായി സദനം, എൻ.ആർ. സിറ്റി പി.ഒ. രാജാക്കാട്

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1975-76	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1976-77	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1977-78	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1978-79	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1979-80	എൽ.എഫ്.ഐ-8/64/99		

	തീ.16.02.99		
1980-81	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1981-82	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1982-83	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1983-84	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1984-85	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1985-86	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1986-87	എൽ.എഫ്.ഐ-5/680/90 തീ.27.08.90		
1987-88	എൽ.എഫ്.ഐ-5/502/91 തീ.11.09.91		
1988-89	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1989-90	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1990-91	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1991-92	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1992-93	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1993-94	എൽ.എഫ്.ഐ-5/485/96 തീ.27.10.96		
1994-95	എൽ.എഫ്.ഐ-5/415/96 തീ.10.10.1996		
2000-01	കെ.എസ്.എ- ഐ.ഡി.കെ12/692/2018 തീ.18.10.18	1	28
2001-02	കെ.എസ്.എ- ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-1
2002-03	കെ.എസ്.എ- ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-5

2006-07	കെ.എസ്.എ- ഐ.ഡി.കെ12/1046/2018 തീ.8.05.12	14	2-1,2-2,2-3,2-4, 3-1,3-2,3-3,3-4, 3-5,3-6,3-7,3-8, 3-9,3-10
2007-08	എൽ.എഫ്.ഐ-12/1210/10 തീ.12.10.11	14	2-1,2-2,2-3,2-4,3-1, 3-2,3-3, 3-4,3-5,3-6,3-7,3-8, 3-9,3-10
2008-09	എൽ.എഫ്.ഐ-12/642/13 തീ.5.6.14	13	2-1,2-2,2-3,2-4,3-1, 3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10
2009-10	എൽ.എഫ്.ഐ-12/689/13 തീ.16.10.14	10	2-1,2-2,3-1,3-2,3-3, 3-4,3-5,3-6,3-7,3-8
2010-11	എൽ.എഫ്.ഐ-12/778/14 തീ.3.2.15	14	2-1,2-2,2-3,2-4,3-1, 3-2,3-3, 3-4,3-5,3-6,3-7, 3-8,3-9,3-10
2011-12	എൽ.എഫ്.ഐ-12/152/15 തീ.12.03.15	12	3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14
2012-13&2013-14	എൽ.എഫ്.ഐ-12/1142/15 തീ.09.10.15	7	2-1,3-1,3-2,3-3,3-4, 3-5,3-6
2014-15	എൽ.എഫ്.ഐ-12/1318/16 തീ.	3	2-2,3-3,3-4
2015-16	കെ.എസ്.എ- ഐ.ഡി.കെ12/452/2017 തീ.18.04.17	7	2-1,2-2,2-3,3-1, 3-2,3-3,3-4
2016-17	കെ.എസ്.എ- ഐ.ഡി.കെ12/1662/2017	8	2-1,2-2,2-3, 3-1,3-2, 3-3,3-4,3-5
2017-18	കെ.എസ്.എ- ഐ.ഡി.കെ12/55/2019 തീ.12.02.19	15	2-2,2-3,2-4, 2-5,3-1, 3-3,3-4,3-5 ,3-6,3-7,3-8, 3-9,3-10, 3-11,3-12
2018-19	കെ.എസ്.എ- ഐ.ഡി.കെ.12/787/2020 തീ.02.11.20/9.11.20	14	1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 4-2

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്